**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.686** 29.10.2019-ൽ മറുപടിക്ക്

**ഞാറയ്ക്കലിലെ വോൾട്ടേജ് ക്ഷാമം**

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഞാറയ്ക്കൽ 66 കെ. വി സബ് സ്റ്റേഷൻ, 110 കെ. വി സബ് സ്റ്റേഷനായുയർത്തി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. സബ്സ്റ്റേഷനായുയർത്തി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഇല്ല. പക്ഷേ ഈ സബ്സ്റ്റേഷനിലേയ്ക്ക് ഒരു റേഡിയൽഫീഡിംഗ് മാത്രമേയുള്ളു. ആയതുകൊണ്ട് കൂടുതൽ stable & reliable സപ്ലൈ നൽകുന്നതിനായി ചെറായി – ഞാറയ്ക്കൽ 110 കെ.വി. ലൈൻ വലിച്ച് ഞാറയ്ക്കൽ സബ്സ്റ്റേഷൻ 110 കെ.വി. ആയി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. കൂടാതെ 110 കെ.വി. നോർത്ത് പറവൂർ സബ്സ്റ്റേഷൻ 220 കെ.വി. ആയും ഉയർത്തേണ്ടതുണ്ട്. ഈ രണ്ടു ജോലികൾക്കുമായുള്ള സാധ്യതാ പഠനം നടത്തി ഡിപിആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ, പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ